എം. എൽ. എ. മാരുടെ സ്ക്കൂൾ കെട്ടിട നിർമ്മാണ സ്കീം

104. [154] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. മാരുടെ സ്ക്കൂൾ കെട്ടിട നിർമ്മാണ സ്കീം എന്നൊന്ന് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്ക്കൂൾ കെട്ടിടങ്ങൾ പണിയാനാണ് ഉത്തരവ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) എം. എൽ. എ. മാരുടെ സ്ക്കൂൾ കെട്ടിട നിർമ്മാണ സ്കീം എന്ന പേരിൽ ഒരു സ്കീം നിലവിലില്ലെങ്കിലും വെള്ളപ്പൊക്ക കെടുതികളെ തുടർന്ന് അത്യാവശ്യമായി കെട്ടിടം പണി ആവശ്യമുള്ള രണ്ടു സ്ക്കൂളുകളുടെ പേർ നിർദ്ദേശിക്കുവാൻ എം. എൽ. എ. മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

റയിൽവേ വികസനം

105. [155] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റെയിൽവേ വികസനത്തിനുവേണ്ടി 1986-87 സാമ്പത്തിക വർഷത്തിൽ എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) റെയിൽവേ ബഡ്ജറ്റിൽ കേരളത്തെ പരിപൂർണ്ണമായി അവഗണിച്ചിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇതേ സംബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ യുക്തമായ പ്രതിഷേധം കേന്ദ്ര ഗവൺമെൻറിനെയും റെയിൽവേ ബോർഡിനെയും അറിയിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻമേലുള്ള പ്രതികരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ റയിൽവേ വികസനത്തിനുവേണ്ടി 1986-87 സാമ്പത്തിക വർഷത്തിൽ പല ഇനങ്ങളിലായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക ആകെ എത്രയെന്നുള്ളതും മറ്റ് പൂർണ്ണ വിവരങ്ങളും ശേഖരിച്ചു വരുന്നു. എന്നാൽ, എറണാകുളം മറ്റ് ആലപ്പുഴ ലൈൻ കായംകുളത്തേക്ക് ദീർഘിപ്പിക്കുന്നതിനുവേണ്ടി ഇക്കൊല്ലം ഒരു കോടിരൂപയും എറണാകുളം അലപ്പുഴ ലൈനിനുവേണ്ടി മൂന്നു കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

(ബി, സി, & ഡി) കേരളത്തെ സംബന്ധിച്ച് ആവശ്യമായ റയിൽവേ വികസനത്തിന്റെ കാര്യങ്ങളും പദ്ധതികളും നടത്തിയെടുക്കുവാൻവേണ്ടു കേന്ദ്ര സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെടുകയും ഫോളോ അപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിഭവശേഷിയുടെ

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തതയും സാമ്പത്തിക പരിമിതികളുംകൊണ്ട് കഴിയുന്നതും പുതിയ പദ്ധതികളും ഏടുക്കാതെ നിലവിലുള്ള പദ്ധതികളും പൂർത്തിയാക്കുകയാണ് വേണ്ടതെന്ന് കേന്ദ്ര സർക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരളത്തിനനുവദിച്ച റയിൽവേ വിഹിതം

106. [156] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1984-85-ലും 1985-86-ലും 1986-87-ലും കേരളത്തിനനുവദിച്ച റെയിൽവേ വിഹിതം എത്ര സംഖ്യ വീതമായിരുന്നു ;

(ബി) 1986-87-ൽ വിഹിതം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറയ്ക്കാനുണ്ടായ കാരണം വിശദീകരിക്കാമോ ;

(സി) സംസ്ഥാന സബ്സിഡി നിരക്കിൽ വൈദ്യുതി നൽകാമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടും സംസ്ഥാനത്തിന് ഇലക്ട്രിക് ട്രയിൻ അനുവദിക്കാതിരിക്കാൻ കേന്ദ്രം പറയുന്ന കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) 1986-87 വർഷത്തിൽ കുറ്റിപ്പുറം-ഗുരുവായൂർ, തലശ്ശേരി—മൈസൂർ റെയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതായി അറിയുമോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സമ്മർദ്ദം ചെലുത്താൻ നടപടികൾ ഏടുക്കുമോ ?

ഉത്തരം

(എ) 1984-85-ൽ ഏകദേശം 16.29 കോടി രൂപയും 1685-86-ൽ 15.39 കോടിരൂപയും ആയിരുന്നു കേരളത്തിൽ അനുവദിക്കപ്പെട്ട വിഹിതം 1986-87-ലെ തുകയെക്കുറിച്ച് പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

(ബി) ചോദ്യം എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) റെയിൽവേ വൈദ്യുതീകരണം മൂലധന ചെലവേറിയ ജോലിയായതിനാൽ ഗതാഗത സാന്ദ്രതയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമത്തിലാണ് മുതൽ മുടക്കുന്നത്. ഡൽഹി, ബോംബ, കൽക്കട്ട, മദ്രാസ് എന്നീ മെട്രോപോളിറ്റൻ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ട്രങ്ക് റൂട്ടുകൾക്കും കൽക്കരി ഇരുമ്പയിര് തുടങ്ങിയ വ്യവസായങ്ങളുമായി ബന്ധപ്പെട്ട ചില പ്രധാന ലൈനുകൾക്കുമാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്. മേൽ വിവരിച്ച കാരണങ്ങളാലും വിഭവശേഷിയുടെ അപര്യാപ്തതയാലും കേരളത്തിലെ റെയിൽവേ ലൈനുകൾ 7-ാം പദ്ധതികാലത്ത് വൈദ്യുതീകരിക്കുക പ്രായോഗികമാവില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) വക കൊള്ളിച്ചിട്ടുള്ളതായി അറിയില്ല.

(ഇ) കേരളത്തെ സംബന്ധിച്ച് ആവശ്യമായ റയിൽവേ വികസന [illegible]ന്റെ കാര്യങ്ങളും പദ്ധതികളും നടത്തി എടുക്കുവാൻ വേണ്ടി കേന്ദ്ര സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെടുകയും എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിഭവശേഷിയുടെ അപര്യാപ്തതയും സാമ്പത്തിക പരിമിതികളുംകൊണ്ട് കഴിയുന്നതും പുതിയ പദ്ധതികൾ ഏടുക്കാതെ നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുകയാണ് ആവശ്യമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly